**<u>15 -ാം കേരള നിയമസഭ</u>**

**<u>5 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 417</u>** **<u>28-06-2022 - ൽ മറുപടിയ്ക്ക്</u>**

**<u>മലപ്പുറം വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് കിഫ്ബി ഫണ്ട്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിന് 2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പത്ത് കോടി രൂപ അനുവദിച്ചെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയവുമായി ബന്ധപ്പെട്ട നടപടികളുടെ ഇതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ; | (എ) | 28-04-2018-ലെ സ.ഉ(സാധാ)നം.847/2018/ ഉ.വി.വ, 20-02-2020-ലെ സ.ഉ (സാധാ) നം,310/2020/ഉ.വി.വ നമ്പർ ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ ഡൌൺഹിൽ വനിതാ സർക്കാർ ആർട്സ് & സയൻസ് കോളേജിലെ അക്കാഡമിക് ബ്ലോക്കിന്റേയും കാന്റീൻ ബ്ലോക്കിന്റേയും നിർമ്മാണ പ്രവർത്തിക്കാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിക്കുകയും ആയത് കിഫ്ബി പരിശോധിച്ച ശേഷം 04-11-2020-ലെ ഉത്തരവ് പ്രകാരം 13,85,57,303/- രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. ടി കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 2500 m2-ൽ കൂടുതലായതിനാൽ, കിഫ്ബി പുറപ്പെടുവിച്ച 08-12-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, GRIHA 3 star standards, DSR 2018 എന്നിവ പ്രകാരം നിലവിലുള്ള ജി.എസ്.ടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ പദ്ധതി റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ടെങ്കിലും നിലവിലെ ചട്ടങ്ങൾക്കനുസൃതമായ രേഖകൾ ടി റിപ്പോർട്ടിൽ ലഭ്യമല്ലാത്തതിനാൽ, അവ കിറ്റ്കോ-യിൽ നിന്നും ലഭ്യമാക്കി നിലവിൽ കിഫ്ബിയിൽ പരിശോധിച്ചുവരികയുമാണ്. |
| (ബി) | എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആറും ഡിസൈനും തയാറാക്കി സമർപ്പിച്ചിട്ടുണ്ടോ; സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. 04-11-2020-ലെ ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാങ്കേതിക അനുമതി നൽകേണ്ടത് സർക്കാർ/എസ്.പി.വി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയാണ്. എന്നാൽ പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, അതിന് അനുമതി നൽകിക്കൊണ്ട് ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ച ശേഷം സർക്കാർ/എസ്.പി.വി നിയോഗിച്ച |

| | | | |
|---|---|---|---|
| | | | ടെക്നിക്കൽ കമ്മിറ്റിയ്ക്ക് സാങ്കേതികാനുമതി നൽകാവുന്നതാണ്. |
| (സി) | അടിസ്ഥാനസൗകര്യ വികസനങ്ങൾക്കായി അനുവദിച്ച പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാനുള്ള സാങ്കേതിക തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കുവാനും കെട്ടിട നിർമ്മാണ നടപടികൾ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | ഡൌൺഹിൽ വനിതാ സർക്കാർ ആർട്സ് & സയൻസ് കോളേജിന്റെ അടിസ്ഥാന സൌകര്യ വികസനത്തിനായി കിറ്റ്കോ സമർപ്പിച്ച പുതുക്കിയ റിപ്പോർട്ട് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം തുടർന്നുള്ള കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കാവുന്നതാണ്.  അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് എസ്.പി.വി യായ കിറ്റ്കോ ആണ്. |

സെക്ഷൻ ഓഫീസർ